പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4086 25.06.2014 - ൽ മറുപടിയ്ക്ക്

**മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ അധികച്ചുമതല**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീമതി കെ. കെ. ലതിക | | **ശ്രീ. വി. എസ്. ശിവകുമാർ** (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ പ്രവൃത്തി സമയം തിയറി, പ്രാക്ടിക്കൽ എന്നീ വിഭാഗങ്ങളായി എങ്ങനെയാണ് ക്രമീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ പ്രവൃത്തി സമയം തിയറി, പ്രാക്ടിക്കൽ എന്നിവ അതാത് വിഭാഗം മേധാവി, യൂണിറ്റ് മേധാവി എന്നിവർ സംയുക്തമായി യൂണിവേഴ്സിറ്റിയുടെയും മെഡിക്കൽ കൗൺസിലിന്റേയും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ക്രമീകരിച്ചിട്ടുള്ളത്. |
| (ബി) പാരാമെഡിക്കൽ കോഴ്സുകൾക്ക് ക്ലാസെടുക്കുവാൻ മെഡിക്കൽ കോളേജ് ഡോക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത ഇനത്തിൽ അവർക്ക് ഏതു നിരക്കിൽ പ്രതിഫലം നൽകിവരുന്നുണ്ട് എന്നും വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br>മണിക്കൂറിൽ 20/ രൂപ നിരക്കിലാണ് പ്രതിഫലം നൽകി വരുന്നത് |
| (സി) ഇങ്ങനെ മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് അധികച്ചുമതലയും അധിക പ്രതിഫലവും നൽകുന്നത് ഏത് നിയമം, ചട്ടം, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | ഉത്തരവ് നം. ജി.ഒ.(എം.എസ്) 559/ 95/ ആകുവ തീയതി 19.12.1995 |

സെക്ഷൻ ഓഫീസർ